(ബി) 2000-ൽ ഭേദഗതി വരുത്തിയതിന് മുൻപ് നിലവിലുള്ള ഭരണ ഘടനപ്രകാരം ആറുമാസവും അത് പ്രസിഡന്റിന്റെ വിവേചനാധികാരം ഉപയോഗിച്ച് ദീർഘിപ്പിക്കുകയാണെങ്കിൽ അതിൻപ്രകാരവും, പുതുതായി ഉണ്ടാക്കിയ ഭരണഘടന പ്രകാരം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി രണ്ടുമാസവുമാണ്. പുതിയ ഭരണ ഘടനയുടെ സാധുതതന്നെ ചോദ്യം ചെയ്യപ്പെടേണ്ടതാണ്. കാരണം ഇത് പഴയ ഭരണഘടനയുടെ പുതുക്കൽ അല്ല. മറിച്ച് പുതിയ ഭരണഘടന ഉണ്ടാക്കുകയാണ് ചെയ്തിരിക്കുന്നത്. കൂടാതെ കേരള സംസ്ഥാന ശിശുക്ഷേമ സമിതി ഇൻഡ്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയറിന്റെ അംഗീകാരത്തോടെയും ധനസഹാ യത്തോടെയും പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഭരണഘടന ഭേദഗതി ചെയ്യുന്നതിന് മുൻപ് ഇൻഡ്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയറിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. അങ്ങനെ വാങ്ങിയതായി കാണുന്നില്ല. അങ്ങനെയാണെങ്കിൽ അതിന് സാധുതയില്ല. നിലവിലുള്ള നിയമമനുസരിച്ച് ഇങ്ങനെ ഒരു സമിതിയുടെ ഭരണഘടന മാറ്റി പുതിയ ഭരണഘടന കൊണ്ടുവരാൻ ഒരു നിയമവുമില്ല. അതിന് പുറമേ അഡ്മിനിസ്ട്രേറ്ററെ നിയമിച്ചതിനെതിരെ മുൻ 2-ാം വൈസ് പ്രസിഡന്റ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ഈ കേസ്സിന്റെ തീർപ്പനു സരിച്ച് മാത്രമേ ഈ കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

(സി) ഇപ്പോൾ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഭരണ ചുമതല സംസ്ഥാന സർക്കാർ നിയമിച്ച അഡ്മിനിസ്ട്രേറ്റർക്കാണ്. കമ്മിറ്റി ഒന്നും നിലവിലില്ല.

വിധവാ പെൻഷൻ

52 [2179] ശ്രീ. കളത്തിൽ അബ്ദുള്ള:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, സി. മോയിൻകുട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവാ പെൻഷൻ അനുവദിക്കുന്നതിന് വരുമാനപരിധി നിശ്ചയിച്ചി ട്ടുണ്ടോ;

(ബി) വരുമാന പരിധി 3600 രൂപയായി ഉയർത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 22-10-1996-ലെ ജി. ഒ. (എം.എസ്.) 34/96/സാ.ക്ഷേ.വ. ഉത്തരവ് പ്രകാരം വിധവാ പെൻഷൻ ലഭിക്കുന്നതിന് ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി 3600 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly